DESPATCHED
On 22.12.21..
30/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1186(4)/*2020/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.8024/*എസ്.ഐ.സി-ജി 2/2020*)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ. റോജസ്. എം. മാത്യൂ
ഉപ്പ്മാക്കൽ ഹൗസ്,
അതിരമ്പുഴ പി.ഒ,
കോട്ടയം- 686 562.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   പിറവം, എറണാകുളം.

2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്,
   മൂവാറ്റുപുഴ,
   മുടവൂർ പി.ഒ- 686 669.

എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 31.01.2020 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ 20.07.2019 ൽ

തയ്യാറാക്കിയ സർവ്വെ 622/4C1 നമ്പരിൽപ്പെട്ട സ്ഥലത്തിന്റെ സ്കെച്ച് മഹസ്സർ റിപ്പോർട്ടിന്റെ പകർപ്പടക്കമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. അപേക്ഷ ഒപ്പിട്ടു വാങ്ങിയ ഉദ്യോഗസ്ഥൻ തന്നെ അപേക്ഷ ലഭിച്ചിട്ടില്ല എന്ന തെറ്റായ റിപ്പോർട്ടാണ് അപ്പീലധികാരിക്ക് രേഖാമൂലം നൽകിയതെന്നും, അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരമുള്ള സ്കെച്ച് മഹസ്സർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല എന്ന് വാക്കാൽ അറിയിക്കുകയാണ് ചെയ്തതെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷന് നൽകിയ അപ്പീൽ ഹർജിയിൽ പറയുന്നു.

3. അപേക്ഷ ഒപ്പിട്ടു വാങ്ങിയ രേഖകൾ ഉണ്ടായിട്ടും, വില്ലേജ് ഓഫീസറായ എസ്.പി.ഐ.ഒ യുടെ നടപടിയും, വിചാരണവേളയിൽ രജിസ്റ്റേർഡ് പോസ്റ്റായി അയച്ചതിന്റെ രസീത് നൽകിയിട്ടും അപേക്ഷ കിട്ടിയില്ല എന്ന മറുപടി തൃപ്തികരമാണെന്ന അപ്പീൽ അധികാരിയുടെ (രണ്ടാം എതിർകക്ഷി) ഉത്തരവും നീതിനിഷേധവും അവഹേളനവും, അതുകൊണ്ടുതന്നെ തനിക്ക് മാനസികവ്യഥയ്ക്ക് കാരണമായിട്ടുള്ളതാണെന്നും അപ്പീൽ ഹർജിക്കാരൻ പറയുന്നുണ്ട്. സ്വന്തം കൈവശത്തിലുള്ള സ്ഥലം, താൻ അറിയാതെ പോക്കുവരവ് ചെയ്ത് പോയതും, ഓഫീസുകൾ കയറിയിറങ്ങി മടുത്തതും, രേഖകൾ വിവരാവകാശ നിയമം വഴി പോലും ലഭ്യമാകാതിരുന്നതും, ഇതിനുവേണ്ടി ഓഫീസ് കയറിയിറങ്ങിയ തന്റെ ഭാര്യാപിതാവായ ശ്രീ.റ്റി.പി. ജോർജ്ജിനെ കടുത്ത മാനസിക സമ്മർദ്ദത്തിൽ ആക്കിയെന്നും, ഇതിനെ തുടർന്ന് അദ്ദേഹം 10.08.2019 ൽ ഹൃദയാഘാതംമൂലം മരണപ്പെടാൻ ഇടയായെന്നും അപ്പീൽ ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. താൻ വിവരാവകാശ അപേക്ഷ നൽകിയതറിഞ്ഞ് ഒന്നാം എതിർകക്ഷി പ്രസ്തുത സ്കെച്ച് മഹസർ റിപ്പോർട്ട് നശിപ്പിച്ചു കളഞ്ഞതായി സംശയമുണ്ടെന്നും ടിയാൻ പറഞ്ഞു.

4. കഴിഞ്ഞ 12 വർഷമായി സർക്കാർ ഡോക്ടർ എന്ന നിലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്ന തനിക്ക് ഒന്നും രണ്ടും എതിർകക്ഷികൾ മൂലവും, ലാന്റ് റവന്യൂ കമ്മീഷണർ മൂലവും പല ദിവസങ്ങളിലും ലീവെടുക്കേണ്ടി വന്നതും, തന്നെ മാത്രം ആശ്രയിച്ച

രോഗികൾക്ക് വലിയതോതിൽ ബുദ്ധിമുട്ടുണ്ടായതും, അപേക്ഷയുമായി പല അഭിഭാഷകരെയും ഫീസു നൽകി സമീപിക്കേണ്ടി വന്നതും, ആയതിനുവേണ്ടി ഒരുപാട് യാത്രകൾ നടത്തേണ്ടി വന്നതും, ഇതിന്റെയെല്ലാം ഫലമായി കടുത്ത മാനസിക സംഘർഷത്തിന് ഇടയാക്കിയതുമെല്ലാം കണക്കിലെടുത്ത് ടി ഉദ്യോഗസ്ഥരിൽ നിന്ന് 1 ½ ലക്ഷം രൂപ നഷ്ടപരിഹാരം ഈടാക്കി തരണമെന്നും അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടു.

5. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2021 ൽ എറണാകുളം ടൗൺ ഹാളിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

6. നേരത്തെ അപ്പീൽ ഹർജിയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ അപ്പീൽ ഹർജിക്കാരൻ ഹിയറിംഗ് വേളയിലും ആവർത്തിച്ചു. സ്കെച്ച് മഹസ്സർ രേഖ ഇല്ലെന്നാണ് ഒന്നാം എതിർകക്ഷി പറയുന്നതെന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. രജിസ്റ്റേർഡ് പോസ്റ്റിൽ അയച്ച കത്ത് അതിന്റെ രസീത് സഹിതം ഹാജരാക്കിയിട്ടും അത് കിട്ടിയില്ല എന്നാണ് എസ്.പി.ഐ.ഒ മറുപടി പറഞ്ഞത്. ഈ മറുപടി തൃപ്തികരമാണെങ്കിലും, വിവരം നൽകണമെന്ന വിചിത്രമായ നിലപാടാണ് രണ്ടാം എതിർകക്ഷി സ്വീകരിച്ചിട്ടുള്ളത്. സ്കെച്ച് ഒപ്പിടാൻ അന്നത്തെ വില്ലേജ് ഓഫീസർ തയ്യാറായിട്ടില്ല. 2019 ജൂലൈയിൽ തയ്യാറാക്കിയ റിപ്പോർട്ടാകട്ടെ 15 മാസത്തിനുശേഷമാണ് നൽകിയത്. അതാകട്ടെ തന്റെ വിവരാവകാശ അപേക്ഷ ലഭിച്ചതിനുശേഷമാണെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. എന്നാൽ അപേക്ഷകൻ 31 സെന്റിനുള്ള സ്കെച്ച് മഹസ്സർ ആണ് ചോദിച്ചതെന്നും, 11 സെന്റിന്റേത് മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും, ഇതിന്മേൽ വില്ലേജ് ഓഫീസർ ഒപ്പിട്ടിട്ടില്ലെന്നും, വില്ലേജ് ഓഫീസർ ഒപ്പിടാതിരുന്നതുകൊണ്ടാണ് ഈ രേഖ കൊടുക്കാൻ കഴിയാതെ വന്നതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

7. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ

നിരീക്ഷിക്കുന്നു. സ്കെച്ച് തയ്യാറാക്കിയതിലെ ഭൂമിയുടെ വ്യത്യാസംകൊണ്ടാണ് അതിൽ വില്ലേജ് ഓഫീസർ ഒപ്പിടാതിരുന്നതെന്നും, അതുകൊണ്ടാണ് ഇത് അംഗീകൃത രേഖയായി പരിഗണിച്ച് നൽകാതിരുന്നത് എന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ വാദം പൂർണ്ണമായും അംഗീകരിക്കാൻ കഴിയുന്നതല്ല. തയ്യാറാക്കിയ സ്കെച്ച് മഹസ്സറിൽ വില്ലേജ് ഓഫീസർ എന്ന നിലയിൽ ഒന്നാം എതിർകക്ഷി ഒപ്പിടാതിരുന്നത് അപ്പീൽ ഹർജിക്കാരന്റെ പ്രശ്നമല്ല. തയ്യാറാക്കിയ രേഖ ഔദ്യോഗിക രേഖ തന്നെ ആയതുകൊണ്ട് അത് നൽകാതിരിക്കാൻ ഒന്നാം എതിർകക്ഷിക്ക് കഴിയുന്നതുമല്ല. എന്നുമാത്രമല്ല, അപേക്ഷകനെ വില്ലേജ് ഓഫീസിൽ നിന്ന് ബ്ലോക്ക് ഓഫീസിലേക്കും, അവിടെ നിന്ന് തിരിച്ചും ഓരോന്ന് പറഞ്ഞയയ്ക്കുകയും, ബുദ്ധിമുട്ടിക്കുകയും ചെയ്തത് ഒരു തരത്തിലും നീതീകരിക്കാൻ കഴിയുന്ന കാര്യമല്ല. ഭൂമി സംബന്ധമായ കാര്യങ്ങളിൽ ജനങ്ങളുടെ പക്ഷത്ത് നിന്ന് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ ചുമതലപ്പെട്ടവരാണ് ഉദ്യോഗസ്ഥർ പൊതുവിലും. റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറും തഹസീൽദാർമാരും അടക്കമുള്ളവർ പ്രത്യേകിച്ചും. വിവരാവകാശ അപേക്ഷ നൽകിയ ഒരാളെ, അതും സർക്കാർ സർവ്വീസിൽ ഡോക്ടറായി സേവനമനുഷ്ഠിക്കുന്ന ഒരു വ്യക്തിയെ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ച് രസിക്കുന്ന എതിർകക്ഷികളുടെ മാനസികാവസ്ഥ സാഡിസത്തിന്റെ അവസ്ഥയിലേക്ക് എത്തുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇത് ഭൂഷണമായ കാര്യമല്ല. അതുകൊണ്ടുതന്നെ അംഗീകരിക്കാൻ കഴിയുന്നതുമല്ല.

8. ആയതുകൊണ്ട് ഈ ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും പൂർണ്ണമായും സൗജന്യമായി ടിയാന് നൽകേണ്ടതാണ്. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ കാണുന്നില്ലായെങ്കിൽ, ആയത് തിരഞ്ഞ് കണ്ടുപിടിക്കാൻ ഓഫീസിലെ ഒരു സംഘത്തെ നിയോഗിക്കേണ്ടതും അവരുടെ നേതൃത്വത്തിൽ തിരച്ചിൽ നടത്തി, ആയത് കണ്ടെത്തി അപേക്ഷകന് നൽകേണ്ടതുമാണ്. അങ്ങനെ തിരച്ചിൽ നടത്താൻ നിയോഗിക്കപ്പെടുന്നവരുടെ പേരുവിവരങ്ങൾ കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

അവർക്ക് അതിന് കഴിയാത്തപക്ഷം അവരെ ഡീംഡ് എസ്.പി.ഐ.ഒമാരായി പരിഗണിച്ച് അവർക്കെതിരെയും നടപടി സ്വീകരിക്കുന്നതായിരിക്കും.

9. ഈ വിവരങ്ങളെല്ലാം യഥാസമയം നൽകാതിരുന്നതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും മേൽപറഞ്ഞ കാലയളവിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. അപ്പീൽ ഹർജിക്കാരൻ നേരിട്ട മാനസിക ശാരീരിക ക്ലേശങ്ങൾക്കും, സാമ്പത്തിക നഷ്ടത്തിനും വിവരാവകാശ നിയമത്തിന്റെ 19 (8)(b) വകുപ്പുപ്രകാരം നഷ്ടപരിഹാരം നൽകാനും കമ്മീഷൻ ആലോചിക്കുന്നു. ഇക്കാര്യത്തിൽ എതിർകക്ഷികളുടെ വിശദീകരണം കൂടി മേൽപറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേദിവസം 30.11.2021 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re